Answer.

(a) Yes.

(b) (i) Number of self-supporting persons—2,648,254.

(ii) Earning dependants—706,682.

(iii) Non-earning dependants—5,925,489.

(c) Self-supporting agriculturists—1,361,721.
Self-supporting non-agriculturists—1,286,533.

(d) (i) Cultivators of land wholly or mainly owned—547,531.

(ii) Cultivators of land wholly or mainly unowned—155,049.

(iii) Cultivating labourers—624,661.

(iv) Non-cultivating owners—34,480.

Scheduled and Backward classes.

191. [13] **Shri T. S. Ramaswami:** Will the Minister for Local Self Government be pleased to state :

(a) the number of college students and school boys of the Scheduled and Backward classes who were given fee concessions and educational grants during the last five years ;

(b) the number of boys of backward classes who were not given grants during 1953-54 in the State in general and in the Nagercoil Scott Christian College in particular who complained to the Government ;

(c) whether these students were given their grants this year ; and

(d) if so, the date on which these were given and the reasons for the delay ?

Answer.

(a), (b), (c) & (d) The information required is being collected.

നെടുങ്ങോട്ടുചിറ.

192. [15] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോന്നല്ലൂർ പകുതിയിൽ സർവ്വെ 176/1 നമ്പരിൽപ്പെട്ടതും, 4 ഏക്കർ, 95 സെൻറ് വിസ്തീർണ്ണം വരുന്നതുമായ നെടുങ്ങോട്ടുചിറ ഒരു മാവോലിൽ ഗോപാലപിള്ളയ്ക്ക് കുത്തകപ്പാട്ടമായി നൽകിയിട്ടുണ്ടോ ?

(ബി) പ്രസ്തുത ചിറ കുത്തകപ്പാട്ടത്തിനു നൽകുന്നതുകൊണ്ട് സമീപവാസികളായ അനേകായിരം സാധുക്കൾക്ക് കുടിക്കാനും, കുളിക്കാനും നിവൃത്തിയില്ലാതാവുമെന്ന പരാതി ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ; അതിന്മേൽ എന്തു നടപടി നടത്തി ;

(സി) പ്രസ്തുത ചിറ കുത്തകപ്പാട്ടത്തിനു നൽകുന്നതുമൂലം 500 ഏക്കറിൽപരം നിലങ്ങൾക്ക് ജലസേചനം സൗകര്യമില്ലാതാവുമെന്ന

LIBRARY ARCHIVES Kerala Legislative Assembly

പരാതി ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി നടത്തി?

ഉത്തരം.

(എ) തോന്നല്ലൂർ പകുതിയിൽ സർവ്വെ 176/1 എ. നമ്പരിൽപ്പെട്ട 4 ഏക്കർ 95 സെൻറ സ്ഥലം കോഴിക്കോണത്തുവീട്ടിൽ കുട്ടൻപിള്ളയ്ക്കും, മാവോലിൽ ഗോപാലപിള്ളയ്ക്കുമായി കുത്തകപ്പാട്ടം കൊടുത്തിട്ടുണ്ട്.

(ബി) അതിന്മേലുണ്ടായിട്ടുള്ള പരാതികളെല്ലാം പരിഗണിച്ച് അനുവദിച്ച പാട്ടം ഒരു സ്റ്റേ ആർഡർമൂലം തടഞ്ഞിട്ടുണ്ട്. അടുത്ത നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി അതിനെപ്പറ്റിയുള്ള വിശദമായ അന്വേഷണങ്ങൾ നടത്തിവരികയാണ്.

(സി) (ബി)–യുടെ ഉത്തരം കൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

ഭക്ഷ്യോൽപ്പാദനം.

193. [18] ശ്രീ. പി. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിസ്ട്രിക്ടിൽ ഭക്ഷ്യോൽപ്പാദനപദ്ധതിയനുസരിച്ച് പാട്ടത്തിനു കൊടുത്തിരുന്ന ഭൂമികൾ അതാതു പാട്ടക്കാർക്കുതന്നെ സ്ഥിരപാട്ടത്തിനുകൊടുക്കാൻ നടപടിയെടുക്കുമോ;

(ബി) പുറംപോക്കുഭൂമി കൈവശക്കാരനിൽ നിന്നു ഒഴിവാക്കുവാനുള്ള നടപടികൾ നിവർത്തിവയ്ക്കുമോ?

ഉത്തരം.

(എ) തൃശ്ശൂർ ഡിസ്ട്രിക്ടിൽ ഭക്ഷ്യോൽപ്പാദനപദ്ധതിയനുസരിച്ച് പാട്ടത്തിനു കൊടുത്തിരുന്ന ഭൂമികൾ ഭൂരിഭാഗവും അവയുടെ പാട്ടക്കാലാവധിക്കു ശേഷം വിമുക്തഭടന്മാർക്ക് വീതിച്ചുകൊടുക്കുവാൻ നിശ്ചയിച്ചുപോയ സ്ഥിതിക്ക് അതാതു പാട്ടക്കാർക്കുതന്നെ സ്ഥിരപ്പാട്ടത്തിനു കൊടുക്കുവാൻ നിവൃത്തിയില്ല.

(ബി) പുറംപോക്കുഭൂമി കൈവശക്കാരിൽ നിന്നും ഒഴിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ ഒന്നാകെ നിർത്തിവയ്ക്കുവാൻ സാധ്യമല്ല. വിമുക്തഭടന്മാർക്ക് വീതിച്ചുവച്ചിട്ടുള്ളതും, പൊതുജനോപയോഗത്തിന് അപ്പോഴപ്പോൾ ആവശ്യമായി വരുന്നതും സർക്കാർവക വിലപിടിപ്പുള്ള വനദ്രവ്യങ്ങളും മറ്റുമുള്ളതുമായ ഭൂമികളിൽ കയ്യേറിയിട്ടുള്ളവരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ നിർത്തിവയ്ക്കുവാനുദ്ദേശിക്കുന്നില്ല. എന്നാൽ അപ്രകാരം ഒഴിപ്പിച്ചെടുക്കുമ്പോൾ മറ്റു ഭൂമിയില്ലാത്ത കയ്യേറ്റക്കാരുടെ കാര്യം ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

വനംവക പുറംപോക്കു കയ്യേറ്റം.

194. [28] ശ്രീ. പി. കെ. ചാത്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിവിഷൻ പാലപ്പിള്ളി റേഞ്ചിൽ മുപ്ലിയം ബ്ലാക്കിൽ വനംവക പുറംപോക്കിൽ 1953, 54, 55 എന്നീ വർഷങ്ങ

LIBRARY ARCHIVES Kerala Legislative Assembly